2008
ആഗസ്റ്റ് 12
ചൊവ്വ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 TUESDAY AUGUST 12 , 2008 SHA'ABAN 9, 1429. PAGE 16, ISSUE 3420

# 20,000ത്തോളം തൊഴിലാളികളുടെ ഭാവി അവതാളത്തിലാവും

## രാജ്യത്ത് പതിനായിരത്തോളം സ്ഥാപനങ്ങൾ നിയമവിരുദ്ധം

സ്വന്തം ലേഖകൻ

മനാമ: ബഹ്റൈനിൽ നിലവിലുള്ള പതിനായിരത്തോളം സ്ഥാപനങ്ങൾ നിയമവിരുദ്ധമായായാണെന്ന് ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് അലി റാദി വെളിപ്പെടുത്തി. ഒരു വർഷത്തിലധികം ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണങ്ങൾ നടത്തുകയും ചെയ്തിട്ടും ഇനിയും 60 ശതമാനത്തിലധികം വരുന്ന സി.ആർ ഉടമകൾ തങ്ങളുടെ വിവരങ്ങൾ എൽ.എം.ആർ.എയിൽ രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ട്. ഇതുമൂലമാണ് യഥാർഥത്തിൽ അപേക്ഷകളിന്മേൽ തീർപ്പ് കൽപിക്കാനും മറ്റും കൂടുതൽ സമയമെടുക്കുന്നത്.

തങ്ങളുടെ ജോലിക്കാരുടെയും സ്ഥാപനത്തിൻെറയും വിവരങ്ങൾ പൂർണമായി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാത്തവർക്ക് ഉദ്ദേശിച്ചത്ര എളുപ്പത്തിൽ തങ്ങളുടെ കടലാസ് പണികൾ പൂർത്തിയാക്കാനോ പൂർണമായ ഫലങ്ങൾ നേടാനോ സാധിക്കില്ല. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പതിനായിരത്തോളം സ്ഥാപനങ്ങളിൽ മിക്കതിനും ഓഫീസുകൾ പോലുമില്ല. ഇവരുമായി എല്ലാ ഇടപാടുകളും എൽ.എം.ആർ.എ നിർത്തിവെച്ചിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളുടെ സി.ആറിൽ വിസയെടുത്ത ഇരുപതിനായിരത്തോളം തൊഴിലാളികളുടെ ഭാവി അവതാളത്തിലാവും. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഘട്ടംഘട്ടമായ നിയമ നടപടികളാണ് കൈക്കൊള്ളുക.

എൽ.എം.ആർ.എ പ്രവർത്തനംമാരംഭിച്ചിട്ട് കേവലം ഒരുമാസവും പതിനൊന്ന് ദിവസവുമേ ആയിട്ടുള്ളൂ. ചില പ്രായോഗിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടെങ്കിലും പരമാവധി കാര്യക്ഷമമായി സംഗതികൾ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നതായി അലി റാദി പറഞ്ഞു.

അപേക്ഷകളിൽ തീർപ്പ് കൽപിക്കാൻ വൈകുന്നതിന് പ്രധാന കാരണം തൊഴിലുടമകൾ സ്ഥാപനത്തെ കുറിച്ചും തൊഴിലാളികളെ കുറിച്ചും കൃത്യമായ വിവരങ്ങൾ നൽകാത്തതാണ്. ഇൻറർനെറ്റ് വഴി എൽ.എം.ആർ.എയുമായി ബന്ധപ്പെടുന്നവർക്ക് പരമാവധി പെട്ടെന്ന് കാര്യങ്ങൾ ശരിയാവുന്നുണ്ട്.

വർക് പെർമിറ്റ് അപേക്ഷകളിൽ തീരുമാനമാവുന്നത് നിരവധി നടപടിക്രമങ്ങളിലൂടെയാണ്.

അഞ്ചുദിവസം എൽ.എം.ആർ.എയിലും അഞ്ചുദിവസം ആഭ്യന്തരമന്ത്രാലയത്തിലും ഇതിനായി എടുക്കും. ഈമാസം രണ്ടാംവാരം 1638 അപേക്ഷകൾ ലഭിച്ചതിൽ 687 വർക് പെർമിറ്റ് അനുവദിച്ചു. 203 എണ്ണം തള്ളിയിട്ടുണ്ട്. 748 അപേക്ഷകളുടെ തീരുമാനം ഉടൻ ഉണ്ടാവും.

ഇതുവരെ 5703ൽപരം വർക് പെർമിറ്റ് പുതുക്കിക്കൊടുത്തു. മാസാന്തം പത്ത് ദീനാർ നൽകാനുള്ള ഇൻവോയ്സ് സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. ഇതിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ അവസരവുമുണ്ട്. ഇത് നടന്നുകൊണ്ടിരിക്കുകയാണെന്നും അലി റാദി കൂട്ടിച്ചേർത്തു.